SATURDAY 01-10-2022 ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/10/2022.

1. കാർഷികമേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിളസംസ്കരണ, മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, FPO കൾ,പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെന്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപ സാമ്പത്തിക സഹായവും അനുവദിക്കുന്നു. ഈ പദ്ധതിയിൽ അംഗമാകുന്നതിന് http://agrimachinery.nic.in/index എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. 2022-2023 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈൻ ആയി ഈ പോർട്ടലിൽ **സെപ്റ്റംബർ 30** (30.09.2022) മുതൽ നൽകാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ **0471-2306748, 9497003097, 8943485023, 9895440373, 9567992358** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. സംസ്ഥാന ഫലമായ ചക്കയുടെ പ്രസക്തി ഭക്ഷ്യസുരക്ഷയ്ക്കും സുരക്ഷിത ഭക്ഷണവും എന്ന നിലയിൽ ഇക്കാലത്ത് ഏറിക്കൊണ്ടിരിക്കുകയാണ്. വിവിധ ഇനം നാടൻ ചക്ക ഇനങ്ങളെ കണ്ടെത്തി സംരക്ഷിക്കുന്നതിനായി കേരള കാർഷിക സർവകലാശാല, കർഷകപങ്കാളിത്തത്തോടെ വിദ്യാർത്ഥി ഗവേഷണ പദ്ധതിയിൽ ഉൾപ്പെടുത്തി. കാലം തെറ്റി (സെപ്റ്റംബർ മുതൽ നവംബർ വരെയോ) അല്ലെങ്കിൽ

വർഷം മുഴുവൻ കായ്ക്കുന്നതുമായ പ്ലാവിനങ്ങളുടെ വിവരങ്ങൾ തൃശൂർ ജില്ലയിലെ കർഷകർ 9496402922 എന്ന ഫോൺ മുഖേനയോ, വാട്സ്ആപ്പിലൂടെയോ അറിയിക്കണണമെന്ന് അഭ്യർത്ഥിക്കുന്നു.

3. ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 2022 -2023 മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP) നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽ നിന്നും ഓൺലൈൻ ആയി അപേക്ഷ ക്ഷണിക്കുന്നു. 2022 ഒക്ടോബർ 20 വരെ ക്ഷീരവികസന വകുപ്പിന്റെ https:ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

4. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ കൂടുതൽ തൂക്കംവെയ്ക്കുന്നതും കൂടുതൽ രോഗപ്രതിരോധശേഷി ഉള്ളതുമായ കാവേരി ഇനത്തിൽപ്പെട്ട പൂവൻ കോഴിക്കുഞ്ഞുങ്ങളെ അഞ്ച് രൂപ (5/- രൂപ) നിരക്കിൽ **ഒക്ടോബർ 3-ാം** തീയതിക്കുശേഷം വിതരണം ചെയ്യുന്നതാണെന്ന് ഫാം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും ബിക്കിംഗിനുമായി **0481 2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കര കാർഷിക കോളേജിലെ പുഷ്പകൃഷി വിഭാഗത്തിൽ ഒക്ടോബർ ഒന്ന് ശനിയാഴ്ച ഓർക്കിഡ് എക്സ്പോയും ഓർക്കിഡ് കൃഷിയെ സംബന്ധിച്ച് പരിശീലനവും സംഘടിപ്പിക്കുന്നു. അന്നേ ദിവസം വിവിധതരം ഓർക്കിഡുകളുടെ പ്രദർശനവും, ഓർക്കിഡിന്റെ പ്രജനന രീതികൾ, കൃഷി പരിപാലനം എന്നിവയെ സംബന്ധിച്ച് ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്.

6. തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടിയായി തീവ്ര വാക്സിനേഷൻ യജ്ഞത്തിന് തിരുവനന്തപുരം ജില്ലയിൽ തുടക്കമായി. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ മൃഗസംരക്ഷണ വകുപ്പും ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തുന്ന തീവ്രയജ്ഞ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നിർവഹിച്ചു. മൃഗസംരക്ഷണ - ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അധ്യക്ഷത വഹിച്ചു.. വാക്സിനേഷൻ യജ്ഞത്തിനായി സജ്ജമാക്കിയ അഞ്ച് വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് ജില്ലാ പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ മന്ത്രിമാർ സംയുക്തമായി നിർവഹിച്ചു. യജ്ഞത്തിൽ പങ്കാളികളാവുന്ന പ്രവർത്തകർക്കുള്ള യൂണിഫോമും ചടങ്ങിൽ വിതരണം ചെയ്തു. അഞ്ച് വാഹനങ്ങളിലായി, ഡോക്ടർമാരും പരിശീലനം ലഭിച്ച 50 നായപിടിത്തക്കാരും അടങ്ങുന്ന സംഘം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വാക്സിനേഷൻ നൽകിത്തുടങ്ങും.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടും ഡിപ്പാർട്മെന്റ് ഓഫ് ഫ്ളോറികൾചർ ആൻഡ് ലാൻഡ്സ്കേപ്പിങ് സംയുക്തമായി ഒക്ടോബർ ഒന്നാം തീയതി 'ഓർക്കിഡ് കൃഷിരീതി' എന്ന ഏകദിന ട്രെയിനിങ് പരിപാടി സംഘടിപ്പിക്കുന്നു. ട്രെയിനിങ് ഫീസ് 500 രൂപ. രജിസ്റ്റർ ചെയ്യുവാൻ വിളിക്കൂ... 04872371104

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർകൃഷിയിൽ ചെറുകിടകർഷകർക്ക് ഒക്ടോബർ 10 മുതൽ 14 വരെ പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ചു നടക്കുന്ന പരിശീലനത്തിൽ നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ് തുടങ്ങിയ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.